LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കുട്ടനാട് പാക്കേജ് മുഖേന വൈക്കം നിയോജകമണ്ഡലത്തിൽ കിണറുകളുടെ പുനരുദ്ധാരണം, കുളങ്ങളുടെ പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങളാണ് പ്രധാനമായി നടപ്പിലാക്കിയത്. വൈക്കം നിയോജക മണ്ഡലത്തിൽ 23 കുളങ്ങളുടെ പുനരുദ്ധാരണത്തിനായി 2,19,35,940 രൂപയും 650 കിണറുകളുടെ പുനരുദ്ധാരണത്തിനായി 1,29,83,751 രൂപയും ചെലവഴിച്ചിട്ടുണ്ട്. 76,000 എണ്ണം രാമച്ചം തൈ വിതരണത്തിനായി 1,71,000 രൂപയും 10,000 എണ്ണം ഔഷധ ചെടി വിതരണത്തിനായി 1,00,000 രൂപയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ചെലവഴിച്ചിട്ടുണ്ട്. 5 പഞ്ചായത്തുകളിൽ 5000 വീതം ടിഷ്യൂകൾച്ചർ വാഴത്തൈ വിതരണത്തിനായി 4,26,700 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) മണ്ണ് പര്യവേഷണം മണ്ണ് സംരക്ഷണ വകുപ്പ് മുഖേന വൈക്കം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനായി പുതിയ പദ്ധതികളൊന്നും സമർപ്പിച്ചിട്ടില്ല.

ചാലക്കുടി മണ്ഡലത്തിലെ കപ്പത്തോടിന്റെ സംരക്ഷണ നടപടികൾ

230 (1607) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോടിന്റെ സംരക്ഷണ നടപടികൾ കെ.എൽ.ഡി.സിവഴി നടപ്പാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന് അനുമതി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചാലക്കുടി മണ്ഡലത്തിലെ കോടശ്ശേരി, പരിയാരം പഞ്ചായത്തുകളിലൂടെ ഒഴുകുന്ന കപ്പത്തോടിന്റെ സംരക്ഷണത്തിനായി കെ.എൽ.ഡി.സി. പദ്ധതി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. എന്നാൽ സെക്കൂറൽ അലോക്കേഷന്റെ പരിമിതിമൂലം പ്രസ്തുത പദ്ധതി RIDF XXI-ൽ ഉൾപ്പെടുത്താൻ കഴിഞ്ഞിട്ടില്ല.

(ബി) പ്രസ്തുത പദ്ധതി നബാർഡിന്റെ RIDF XXII സ്കീമിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.